"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26– കാസർഗോഡ് ജില്ല മൊത്ത വ്യാപാര സഹകരണ കൺസ്യൂമർ സ്റ്റോഴ്സ് ലിമിറ്റഡ് നം എസ് 39 ന് ധനസഹായം അനുവദിയ്ക്കുന്നത് - രണ്ടാം ഗഡു തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.182/2026/Co-Op തീയതി,തിരുവനന്തപുരം, 20-03-2026

---

പരാമർശം:- 1. സ.ഉ (സാധാ) നം.332/2025/സഹ തീയതി 14/07/2025.

2. സ.,ഉ (സാധാ) നം. 485/2025/സഹ തീയതി 05/11/2025

3. സർക്കുലർ നം. 35/2024/ധന തീയതി 12/06/2024

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ല മൊത്ത വ്യാപാര സഹകരണ കൺസ്യൂമർ സ്റ്റോഴ്സ് ലിമിറ്റഡ് നം എസ് 39 ന് , കൺസ്യൂമർ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും ഉള്ള ധനസഹായ പദ്ധതി പ്രകാരം പയസ്വനി കോക്കനട്ട് പ്രോഡക്ട്സ് എന്ന വെളിച്ചെണ്ണ ഉൽപ്പാദന കേന്ദ്രത്തിന്റെ വിപുലീകരണത്തിനായി 25.00 ലക്ഷം രൂപ (ഇരുപത്തഞ്ച് ലക്ഷം രൂപ മാത്രം) 4425-108-45-34-3 - ഓഹരി ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് 2025-26 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ആയതിൽ ഒന്നാം ഗഡുവായി 4.6 ലക്ഷം രൂപ (നാല് ലക്ഷത്തിഅറുപതിനായിരം രൂപ മാത്രം ) 4425-108-45-34-3 - ഓഹരി ശീർഷകത്തിൽ നിന്നും 2025-26 സാമ്പത്തികവർഷത്തിൽ റിലീസ് ചെയ്യുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

2. കാസർഗോഡ് ജില്ല മൊത്ത വ്യാപാര സഹകരണ കൺസ്യൂമർ സ്റ്റോഴ്സ് ലിമിറ്റഡ് നം എസ് 39 ന് , കൺസ്യൂമർ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും ഉള്ള ധനസഹായ പദ്ധതി പ്രകാരം പയസ്വനി കോക്കനട്ട് പ്രോഡക്ട്സ് എന്ന വെളിച്ചെണ്ണ ഉൽപ്പാദന കേന്ദ്രത്തിന്റെ വിപുലീകരണത്തിനായി ഭരണാനുമതി തുകയിൽ ഇനി റിലീസ് ചെയ്യാൻ ശേഷിക്കുന്ന 20.4 ലക്ഷം രൂപ (ഇരുപത് ലക്ഷത്തിനാൽപ്പതിനായിരം രൂപമാത്രം) 4425-108-45-34-3 എന്ന ഓഹരി ശീർഷകത്തിൽ നിന്നും 2025-26 സാമ്പത്തികവർഷത്തിൽ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക , പരാമർശം (3 ) പ്രകാരമുള്ള സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച്കൊണ്ട് ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും, 2025-26സാമ്പത്തികവർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജി ഫിലിപ്പ്
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.
ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/51/2023/ധന)
വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി (ബി3/141/2025)

ഉത്തരവിൻ പ്രകാരം
Signed by
Priyanka T V
Date: 21-03-2026 10:47:28
സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്